താണ്. അതുകൊണ്ടുതന്നെ ഒരുപക്ഷേ കേരളത്തിലെ ഏറ്റവുമധികം ജനസംഖ്യയുള്ള താലൂക്കുകളിൽ ഒന്നായിരിക്കും തലപ്പള്ളി താലൂക്ക് എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടുതന്നെ അവിടത്തെ ജനങ്ങളും കുന്നംകുളം മുനിസിപ്പാലിറ്റിയിലും പരിസരവുമുള്ള തൃശ്ശൂർ ജില്ലയിലെ 13 പഞ്ചായത്തുകളും ചേർന്ന് രണ്ടരലക്ഷത്തോളം വരുന്ന ജനസംഖ്യയുള്ള പ്രദേശങ്ങളെ ഒരു താലൂക്കിൽ വയ്ക്കണമെന്ന ആവശ്യം ഉന്നയിച്ചത്. ആ ആവശ്യം ഉന്നയിക്കാൻ തുടങ്ങിയിട്ട് വളരെയേറെ വർഷങ്ങളായി. പല ഗവൺമെന്റുകളും അനുകൂലമായി ഉറപ്പു നൽകിയതാണ്. റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പരിശോധനയിൽ അങ്ങനെ ഒരു താലൂക്ക് ആവശ്യമാണെന്ന് സർക്കാരിന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട് എന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. എന്നാൽ ഇപ്പോഴും താലൂക്കുകളും ജില്ലകളുമൊക്കെ രാഷ്ട്രീയ പരിഗണനമാണ് എന്ന സ്ഥിതി വന്നതോടുകൂടി കുന്നംകുളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ആരെയും സന്തോഷിപ്പിക്കാൻ ഇല്ലാത്തതുകൊണ്ടാണ് എന്നു തോന്നുന്നു നമ്മുടെ ഭരണാധികാരികളും അനുകൂലമായി പ്രതികരിക്കുന്നില്ലായെന്നുള്ളത്. അത് വളരെ ദുഃഖകരമായ വസ്തുതയാണ്. ഇപ്പോഴും പല താലൂക്കുകളെയുംകുറിച്ച് പത്രത്തിൽ വായിക്കാൻ കഴിയുന്നുണ്ട്. ശ്രീ. തച്ചടി പ്രഭാകരനും കായംകുളം താലൂക്കുണ്ട്. ശ്രീ. രമേശ് ചെന്നിത്തലയ്ക്കും താലൂക്കുണ്ട്. കുന്നംകുളത്തുകാർക്ക് തോന്നുന്നു, ഇതുപോലെ ഒരു ആളില്ലാത്തതുകൊണ്ടാണ് അവർക്ക് ഒരു താലൂക്ക് കിട്ടാത്തതെന്ന്. അതുകൊണ്ടാണ് ഞാൻ ഇത് പ്രത്യേകമായി ഉന്നയിക്കുന്നത്. അതുകൊണ്ട്, രാഷ്ട്രീയ പരിഗണനമാണ് എന്ന സ്ഥിതി മാറി, പ്രത്യേകമായി അതിന്റെ നോംസിന്റെ അടിസ്ഥാനത്തിൽ ഭരണസൗകര്യത്തിനുവേണ്ടി ഇത്രയേറെ വിസ്തൃതിയുള്ള, ഇത്രയധികം ജനസംഖ്യയുള്ള ആ പ്രത്യേക പ്രദേശത്തിനെ ഒരു താലൂക്കായിട്ട് പരിഗണിക്കണമെന്ന കാര്യത്തിൽ, ജനങ്ങളുടെ വികാരം ഹർത്താൽ വഴി പ്രകടിപ്പിക്കുന്ന ഈ കാര്യത്തിന് ഗവൺമെന്റ് അനുകൂലമായ നിലപാട് എടുത്തു പ്രഖ്യാപിക്കുമെന്ന പ്രതീക്ഷയോടുകൂടി ഉടൻതന്നെ കുന്നംകുളം താലൂക്ക് അനുവദിക്കണമെന്ന ആവശ്യം ഞാൻ സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പല ഗവൺമെന്റുകളും മാറിമാറി വന്നിട്ടും അടുത്ത കാലത്ത് താലൂക്കുകളും വന്നിട്ടില്ല എന്ന് മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. അതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. താലൂക്കുകളും ഇനി പുനഃസംഘടിപ്പിക്കുന്ന സമയത്ത് കുന്നംകുളത്തിന്റെ കാര്യം പരിഗണിക്കുന്നതാണ്.

(2) കൂർഗിലെ മലയാളികൾക്കു നേരെയുള്ള ആക്രമണം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എല്ലാ മലയാളികളെയും എല്ലാ മനുഷ്യസ്നേഹികളെയും അമ്പരപ്പിക്കുന്നവിധം കഴിഞ്ഞ ഏതാനും മാസങ്ങളായി കർണ്ണാടക സംസ്ഥാനത്തിലെ കൂർഗിൽ മലയാളികൾക്ക് നേരെ നടന്നുവരുന്ന നരനായാട്ടിലേക്കും മലയാളികൾ നിവസിക്കുന്ന കേന്ദ്രങ്ങളിൽ നിലനിൽക്കുന്ന സംഭീതിജനകമായ സാഹചര്യത്തിലേക്കും ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുക എന്നതാണ് എന്റെ ഉദ്ദേശം. 'ഗൂർഖാലാൻറ്' എന്ന ആശയത്തിനു രൂപം കൊടുത്തുകൊണ്ടുവരുന്നതിനുവേണ്ടി 5 വർഷം നീണ്ടുനിൽക്കുന്ന ഒരു പ്രക്ഷോഭണത്തിലാണത്രേ അവിടത്തെ കലാപകാരികൾ തുടക്കം കുറിച്ചിരിക്കുന്നത്. അതിന്റെ ഫലമായി മലയാളികളെ തെരുവിലിട്ട് പേപ്പട്ടികളെപ്പോലെ തല്ലുകയാണ്. മോട്ടോർ സൈക്കിളിൽ ഗുണ്ടകൾ റോന്തുചുറ്റുന്നു. മലയാളികളെ വളഞ്ഞുപിടിച്ച് തല്ലുന്നു. ബസ്സിൽ കയറി മുണ്ടുടുത്തിരിക്കുന്നവരെ പിടിച്ചിറക്കി ബലമായിട്ട് അവരെ മർദ്ദിച്ച് ഒതുക്കാൻ ശ്രമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിരാജ്പേട്ടയിലും മർക്കരയിലുമുള്ള മലയാളികളുടെ കടകം തീ വച്ചു നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചുമട്ടുജോലി എടുക്കുന്ന ആളുകളെ ചുമട്ടുജോലിയിൽനിന്ന് ഒഴിവാക്കുന്നു. അതിനു പകരമായി പുതിയതായിട്ട് ആളുകളെ കൊണ്ടുവരുന്നു. അതിനു മുൻപിൽ മൂകസാക്ഷിയായി നിൽക്കേണ്ടിവരികയാണ് മലയാളികളായ ചുമട്ടു തൊഴിലാളികൾ. തേയില, കാപ്പി, നാരങ്ങ തുടങ്ങിയ തോട്ടങ്ങളിൽ വർഷങ്ങളായി ജോലി ചെയ്യപ്പെടുന്ന തൊഴിലാളികളെ ഒരു സുപ്രഭാതത്തിൽ പിടിച്ചിറക്കി തെരുവാധാരമാക്കുകയാണ്. വിരാജ്പേട്ടയിലെ മൽസ്യമാർക്കറ്റിലെ മലയാളി കച്ചവടക്കാർ പൂർണ്ണമായും തുടച്ചുമാറ്റപ്പെട്ടിരിക്കുകയാണ്: ശ്രീമംഗലം, പുതുക്കേരി, ചെന്നംകള്ളി, മൂറനാട്, പഴയറ, ബോണംകെട്ട, ഗോണിയപ്പ, ആത്തൂർ, തുടങ്ങിയ കുടക് ഗ്രാമങ്ങളിൽനിന്ന് മലയാളികളെ കൂട്ടത്തോടെ ഒഴിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ബുധനാഴ്ച ദിവസം അവിടത്തെ ഗ്രാമീണ ചന്തകളുടെ ദിവസമാണ്. ആ ദിവസങ്ങളിൽ മലയാളികളുടെ കടകംക്കു മുൻപിൽ പിക്കറ്റു ചെയ്യുകയാണ്. ആരേയും അവിടെനിന്നും സാധനങ്ങൾ വാങ്ങാൻ സമ്മതിക്കുകയില്ല: മലയാളികളെ ക്രൂരമായി മർദ്ദിക്കുന്ന അവസ്ഥാവിശേഷമാണ് അവിടെ നിലനിൽക്കുന്നത്. 50,000-ത്തോളം കേരളീയരുടെ നിലനിൽപ്പിന്റെ പ്രശ്നമാണിത്. അവരുടെ ജീവനും സ്വത്തിനും അവിടെ രക്ഷയില്ല. എരിയുന്ന തീയിൽ കഴിയുന്നതുപോലെയാണ് വിരാജ്പേട്ടയിലും മർക്കരയിലും കുടകിന്റെ മറ്റു പ്രാന്തപ്രദേശങ്ങളിലുമുള്ള മലയാളികൾ കഴിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നത്: അവരുടെ വീടുകളിലാണെങ്കിൽ അവിടെ നിലനിൽക്കുന്ന സംഭീതിജനകമായ സാഹചര്യത്തെക്കുറിച്ച് ആലോചിച്ചാൽ ഒരു രക്ഷയുമില്ലാത്ത അവസ്ഥ വന്നിരിക്കുന്നു. ഏതാനും കൊല്ലങ്ങൾക്കുമുൻപ് ജീവിക്കാനുള്ള മാർഗ്ഗം തേടി തലശ്ശേരി താലൂക്കിൽ നിന്നും മറ്റു പ്രദേശങ്ങളിൽനിന്നും കുടകിൽ കുടിയേറിപ്പാർത്ത ആളുകൾക്ക് വന്നിട്ടുള്ള ഏറ്റവും നിർഭാഗ്യകരമായ ഈ അവസ്ഥയെ വളരെ ഗൗരവപൂർവ്വം കാണണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. കർണ്ണാടക ഗവൺമെന്റ് ഈ കാര്യത്തിൽ വേണ്ടത്ര ഉത്തരവാദിത്വം കാണിച്ചിട്ടില്ല. ഇത് ഏതാനും മാസമായി തുടരുകയാണ്. 50,000-ത്തോളം മലയാളികളുടെ ജീവനും സ്വത്തിനും വന്നിട്ടുള്ള ഈ വിപത്ത് കണക്കിലെടുത്തുകൊണ്ട് നമ്മുടെ കേരളീയരെ, അവിടെ ജോലി ചെയ്യുന്ന മലയാളികളെ രക്ഷിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് വിനയാംഗിതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കർണ്ണാടകത്തിൽപ്പെട്ട വിരാജ്പേട്ട എന്ന സ്ഥലത്ത് മൂല നിവാസികം എന്നു പറഞ്ഞ ആൾക്കാർ, കുടക് രാജാവിന്റെ കാലത്ത് അവിടെ ഉണ്ടായിരുന്നവർ ആണെന്നാണ് അവർ അവകാശപ്പെടുന്നത്. അവർ ഒഴിച്ചുള്ള ആളുകൾ എല്ലാം നാടു വിടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു സംഘടിതമായ നീക്കം ആരംഭിച്ച വിവരം ഗവൺമെന്റിനറിയാം. അവരുടെ കുറെ സംഘടന തന്നെ "ജന ജാഗ്രതെ സംഘം" എന്ന പേരിൽ പ്രവർത്തിച്ചു വരികയാണ്. കേരളക്കാരായിട്ടുള്ള, മലയാളികളായിട്ടുള്ള ആളുകളെ അവിടെ നിന്നും തുരത്തിയോടിക്കാനുള്ള സംരംഭമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ട ഉടനെ തന്നെ കർണ്ണാടക മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയുണ്ടായി. അതിനെക്കുറിച്ച് ഞാൻ നേരിട്ട് എഴുതി, ടെലിപ്രിന്റർ മെസേജ് കൊടുത്തു. കർണ്ണാടക മുഖ്യമന്ത്രിയിൽ നിന്നും കിട്ടിയ മറുപടി മാർച്ച് മാസം 4-ാം തീയതി രണ്ട് വിഭാഗക്കാർ തമ്മിൽ ഏറ്റുമുട്ടി, അതായത് രണ്ട് പ്രദേശങ്ങളല്ല രണ്ടുമതക്കാർ തമ്മിൽ ഏറ്റുമുട്ടിയിരിക്കുകയാണ്. കുറെസ്വത്തിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്നും മറുപടി കിട്ടി. എന്നിരുന്നാലും

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വിഭാഗങ്ങളെയും ഒരേപോലെ കണ്ടുകൊണ്ട് ജീവനും സ്വത്തിനും സംരക്ഷണം നൽകുമെന്ന് ഉറപ്പ് നൽകിയിരുന്നു. കുടകിന്റെ പ്രത്യേകത എല്ലാവരും അറിയുന്നതാണ്. അവിടെ മിക്കവാറും മലയാളം സംസാരിക്കുന്ന ആളുകളാണ് ഉള്ളത്.

അത്രത്തോളം പഴക്കവും ബന്ധവും മലയാളികൾക്ക് ആ പ്രദേശവുമായിട്ടുണ്ട്. അങ്ങനെയുള്ള പ്രദേശത്ത്, ഒരു ദിവസം പെട്ടെന്ന് പ്രാദേശികത്വത്തിന്റെ പേരിൽ വിട്ടു കൊടുക്കണം എന്നു പറഞ്ഞുകൊണ്ട് അവരെ ആക്രമിക്കുകയും അവരുടെ ജീവൻ നഷ്ടപ്പെടുത്തുകയും ചെയ്തു. ഈ അടുത്ത കാലത്താണ് ഒരു മലയാളി കൊല്ലപ്പെട്ടത്. ഇത്രയും ഗൗരവതരമായ സ്ഥിതിവിശേഷം കർണ്ണാടക മുഖ്യമന്ത്രിയേയും. കേന്ദ്രത്തേയും അറിയിച്ചിട്ടുണ്ട്. ആവർത്തിച്ചാവർത്തിച്ച്. കിട്ടുന്ന മറുപടിയിൽ നടപടികൾ സ്വീകരിക്കും എന്നു പറയുന്നുണ്ടെങ്കിലും അക്രമികളുടെ നേരെ ഒരു പ്രത്യേക സമീപ്നം അനുഭവപൂർവ്വമായ് സമീപനവുമാണ് അവിടത്തെ ഉദ്യോഗസ്ഥൻമാരിൽ നിന്നും ഉണ്ടാകുന്നത്. എനിക്ക് ലോറസ്റ്റായിട്ട് കിട്ടിയ അറിവ് അവിടെ ഇതിന് നേതൃത്വം കൊടുക്കുന്ന സംഘവുമായി അവിടത്തെ പോലീസുകാർ പോലും ബന്ധപ്പെടുന്നു എന്നാണ്, ആ പരാതി രൂക്ഷമായിട്ടുണ്ട്. ഏതായാലും ഇക്കാര്യങ്ങളൊക്കെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. മറ്റൊരു സംസ്ഥാനത്തിലായതുകൊണ്ട് ഗവൺമെന്റിന് അതിൽക്കൂടുതലായി എന്തെങ്കിലും നടപടി നടത്താൻ സാധിക്കുകയില്ല. എങ്കിലും ഒന്നുകൂടി ഗൗരവതരമായി ഈ പ്രശ്നം അവിടുത്തെ മുഖ്യമന്ത്രിയുടെയും അതുപോലെതന്നെ കേന്ദ്ര മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്.

(3) ആലപ്പുഴ പോർട്ടിന്റെ പ്രവർത്തനം

എ.വി. താമരാക്ഷൻ : സ്പീക്കർ, 1979 മുതൽ പൂർണ്ണമായി പൂട്ടികിടക്കുന്ന ആലപ്പുഴ പോർട്ട് തുറന്നു പ്രവർത്തിക്കണമെന്നും, ആ പോർട്ടിൽ പണി എടുത്തിരുന്ന തൊഴിലാളികൾക്ക് വാർദ്ധക്യകാല ആനുകൂല്യവും നഷ്ടപരിഹാരവും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 43 വർഷം സർവ്വീസുള്ള 73 വയസ്സ് പ്രായമുള്ള ഇസ്മെയിൽ അബ്ദുൽ റഹ്മാൻ എന്ന ഒരു പോർട്ട് തൊഴിലാളി കഴിഞ്ഞ 16-ാം തീയതി മുതൽ ആലപ്പുഴ കളക്ടറേറ്റ് പടിക്കൽ നിരാഹാര സമരം നടത്തി വരികയാണ്. ഈ പ്രശ്നം ഒരു മനുഷ്യസ്നേഹ പ്രശ്നമായി കാണണം എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഈ ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. ആലപ്പുഴ പോർട്ട് ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനമായ ഒരു പോർട്ടായിരുന്നു. 1931-ൽ ഒരു വർഷം 911 കപ്പലുകൾ വന്ന് ചരക്ക് കയറ്റുകയും ഇറക്കുകയും ചെയ്തിരുന്ന ഒരു പോർട്ടായിരുന്നു. 1976-നുശേഷം ആ പോർട്ട് തുറന്ന് പ്രവർത്തിച്ചിട്ടില്ല. ആ പോർട്ട് പ്രവർത്തിപ്പിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ട്. ഗവൺമെന്റ് ആ പോർട്ട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ആ പോർട്ടിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികളും എന്തു വിട്ടുവീഴ്ചയും ചെയ്യാൻ തയ്യാറാണെന്ന് ഗവൺമെന്റിനെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ആ പോർട്ടിൽ പണിയെടുക്കുന്ന 243 തൊഴിലാളികളിൽ പത്തോ പതിനഞ്ചോ പേരൊഴിച്ചാൽ ബാക്കി എല്ലാ തൊഴിലാളികളും വാർദ്ധക്യം ബാധിച്ചവരാണ്. അവർക്ക് ഒരാനുകൂല്യവുമില്ല. മുഖ്യമന്ത്രി തന്നെ പോർട്ടിൽ വന്ന അവസരത്തിൽ ആ തൊഴിലാളികൾ മുഖ്യമന്ത്രിയെ കണ്ടപ്പോൾ അവർക്ക് പെൻഷൻ കൊടുക്കാം എന്ന് പറഞ്ഞിരുന്നതാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരിക്കൽക്കൂടി അപേക്ഷിക്കുന്നു. പത്തിരുന്നൂറിൽ പരം തൊഴിലാളികൾ യാതൊരു ജോലിയുമി

LIBRARY ARCHIVES Kerala Legislative Assembly